**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2833 18/06/2018-ൽ മറുപടിയ്ക്ക്

**ഡി.പി.ഐ ഓഫീസ് പുതുക്കിപ്പണിയാൻ ആർക്കിയോളജി വകുപ്പിന്റെ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ വളരെ പുരാതനമായതും പൈതൃക മന്ദിരങ്ങളുടെകൂട്ടത്തിൽപ്പെടുത്തിയിട്ടുള്ളതുമായ ഡി.പി.ഐ ഓഫീസിന്റെ പുതുക്കിപ്പണിയൽ നടന്നിട്ടുണ്ടോ; എങ്കിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് ആർക്കിയോളജി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഇല്ല. |
| (ബി) ഇപ്പോൾ നടത്തിയ വർക്കുകൾക്കായി ചെലവഴിച്ച തുകയെത്രയെന്നും എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തതെന്നും വർക്കുകൾ നടത്താൻ അനുമതി നൽകിയത് ആരാണെന്നും വ്യക്തമാക്കുമോ; | (ബി) 1,00,13,347/- രൂപ (ഒരു കോടി പതിമൂന്നായിരത്തി മുന്നൂറ്റി നാൽപത്തി ഏഴ് രൂപ മാത്രം) ഇ.ഗവേണൻസിനായുള്ള അറ്റകുറ്റപണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇ –ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഇലക്ട്രിക്കൽ, നെറ്റ് വർക്കിംഗ്, സെക്ഷനുകളിൽ ആവശ്യമായ കമ്പ്യൂട്ടർ ടേബിളുകൾ, ഫയൽ റാക്കുകൾ, പെയിന്റിംഗ്, ഫ്ലോറിംഗ്, മഴക്കാലത്ത് ചോർന്നൊലിക്കുന്ന ഭാഗങ്ങളിൽ ഷീറ്റ് കൊണ്ടുള്ള മേൽക്കൂര തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തത്. ഇതിൽ ഫ്ലോറിംഗും മേൽക്കൂരയും ചെയ്തത് പൈതൃക മന്ദിരത്തിന്റെ അനുബന്ധ കെട്ടിടങ്ങളിൽ ആണ്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാന പ്രകാരമാണ് പ്രസ്തുത പ്രവൃത്തികൾ ചെയ്തത്. |

| | |
|---|---|
| (സി) പൈതൃക മന്ദിരമായതിനാൽ ഡി.പി.ഐ ഓഫീസിൽ നടത്തുന്ന പുതുക്കിപ്പണിയലിന് ആർട്ട് ആന്റ് ഹെറിട്ടേജ് കമ്മീഷൻ, പുരാവസ്തു വകുപ്പ് എന്നിവയുടെ നിർദ്ദേശങ്ങളും സാന്നിദ്ധ്യവും ഉറപ്പാക്കണം എന്ന് കാണിച്ച് സംസ്ഥാന പുരാവസ്തു ഡയറക്ടറുടെ 17.7.17 ലെ A2-3663/2017/DA നമ്പർ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) സംസ്ഥാന പുരാവസ്തു ഡയറക്ടറുടെ 17/07/2017-ലെ A2-3663/2017/DA നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 07/08/2017-ന് പുരാവസ്തു ഡയറക്ടറു മായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചേമ്പറിൽ കൂടിക്കാഴ്ച നടത്തി. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് പുരാവസ്തുത വകുപ്പിന്റെ സംരക്ഷിത കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടി ല്ലാത്ത കെട്ടിടം ആണെന്നും എന്നാൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ ലിസ്റ്റിൽ ഈ കെട്ടിടം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണെന്നും പുരാവസ്തു ഡയറക്ടർ അഭിപ്രായപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന് കത്ത് നൽകുകയുണ്ടായി. എന്നാൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷന്റെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല എന്നത് വ്യക്തമാണ്. കാലപ്പഴക്കം ചെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മന്ദിരം വളരെ ശോചനീയമായ അവസ്ഥയിലാണ്. മഴക്കാലമാകു മ്പോൾ മേൽക്കൂരകൾ ചോർന്നൊലിച്ച് ജീവനക്കാർക്ക് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് നിലവിലു ള്ളത്. അതുകൊണ്ട് തന്നെ ഈ മന്ദിരത്തിന്റെ പൈതൃക തനിമ നിലനിർ ത്തിക്കൊണ്ട് നവീകരണം നടത്തുന്നതി നുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഇതിനായി പുരാവസ്തു ഡയറക്ടറെയും PWD ചീഫ് ആർക്കിടെക്റ്റിനെയും പങ്കെടുപ്പിച്ചു കൊണ്ട് യോഗം ചേരുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ പ്രാഥമിക ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ